DESPATCHED
6/2/23..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1442*(2)/2020*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **10668**/*എസ്.ഐ.സി-ജി 6/20)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സുദീപ് കെ.വി.,
കുന്നുങ്ങപ്പറമ്പിൽ വീട്,
പള്ളിപ്പോർട്ട് പി.ഒ.,
എറണാകുളം – 683 515. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
ഡെപ്യൂട്ടി രജിസ്ട്രാർ (ഇ.പി.ആർ) വിഭാഗം,
പരീക്ഷാ ഭവൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റി,
കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ.,
മലപ്പുറം – 673 635.

2. അപ്പീൽ അധികാരി&
പരീക്ഷാ കൺട്രോളർ,
പരീക്ഷാ ഭവൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റി,
കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ.,
മലപ്പുറം – 673 635.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.06.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25.06.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 21.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.10.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 15.10.2020 |
| ഹിയറിംഗ് നടന്ന തീയതി | 16.12.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സുദീപ് കെ.വി., 12.10.2020ന് സമർപ്പിച്ച അപ്പീൽ ഹർജി 15.10.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1442(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കു ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 04.06.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 2015 ഒക്ടോബർ മാസത്തിലെ Reg No.HTAOTMS003 പ്രകാരം Calicut University Bachelor of Education Degree ലഭിച്ച ആളുടെ പേരും വിലാസവും നൽകണമെന്നും

2) പ്രസ്തുത ഡിഗ്രി ലഭിച്ചയാൾ ഏതു സ്ഥാപനത്തിലാണ് പഠിച്ചിരുന്നതെന്നും

3) പ്രസ്തുത ഡിഗ്രി ലഭിച്ചയാൾ പഠിച്ചിരുന്ന സ്ഥാപനത്തിൽ ഹാജരായ ദിവസങ്ങളുടെ എണ്ണവും അറ്റന്റൻസ് രജിസ്റ്ററിന്റെ പ്രസക്തമായ പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും നൽകണമെന്നാണ്.

ആയതിന് 25.06.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങൾക്ക് വിവരാവകാശ നിയമം 2005 അദ്ധ്യായം 2 ഖണ്ഡിക 11, ഉപഖണ്ഡിക(1), (3) പ്രകാരം മൂന്നാം കക്ഷിയെ സംബന്ധിക്കുന്ന വ്യക്തപരമായ വിവരങ്ങൾ വെളിപ്പെടുത്തണോ വേണ്ടയോ എന്നത് ടിയാന്റെ അനുമതിയോടെയാണെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്കുള്ള മറുപടി ടിയാളുടെ സമ്മതം ലഭിച്ചതിനു ശേഷം നൽകുന്നതാണെന്നാണ്.

ക്രമനമ്പർ 3, 4 എന്നിവയ്ക്ക് ബാധകമല്ലെന്നാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി 23.12.2020ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും പ്രസ്തുത മറുപടിയിൽ സൂചിപ്പിച്ച പ്രകാരം എസ്.പി.ഐ.ഒ. മൂന്നാം കക്ഷിയടെ അനുമതി തേടുകയും 04.07.2020ന് സർവ്വകലാശാലയിൽ ലഭിച്ച മൂന്നാം കക്ഷിയുടെ മറുപടി പ്രകാരം ടിയാളെ സംബന്ധിക്കുന്ന വ്യക്തിപരമായ വിവരങ്ങൾ പൊതു താല്പര്യപ്രവർത്തനങ്ങളുമായി ബന്ധമില്ലാ

ത്തതും ടിയാൾക്ക് ഹാനിയുണ്ടാകും എന്നതിനാൽ പ്രസ്തുത വിവരങ്ങൾ നൽകുന്നതിന് സമ്മതമില്ല എന്ന് മൂന്നാംകക്ഷി രേഖാമൂലം അറിയിക്കുകയും ചെയ്തുവെന്നുമാണ്. മൂന്നാം കക്ഷിയുടെ ടി നിർദ്ദേശം പരിഗണിച്ചുകൊണ്ട് വിവരത്തിന്റെ വെളിപ്പെടുത്തൽ ടിയാന്റെ വ്യക്തിപരമായ വിവരങ്ങളെ ബാധിക്കുന്നതും പൊതുതാല്പര്യങ്ങളുമായി ബന്ധമില്ലാത്തതും ആയതിനാൽ ടിയാൾക്ക് ഹാനിയുണ്ടാകും എന്നതിനാലും പ്രസ്തുത വിവരങ്ങൾ വെളിപ്പെടുത്താൻ കഴിയില്ലെന്ന് 14.07.2020ലെ കത്തുപ്രകാരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നാണ്.

മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ട വിവരത്തിന്റെ വെളിപ്പെടുത്തൽ സംബന്ധിച്ച തീരുമാനമെടുക്കുമ്പോൾ മൂന്നാം കക്ഷിയുടെ നിർദ്ദേശം പരിഗണിക്കേണ്ടതാണെന്ന വിവരാവകാശ നിയമത്തിലെ വ്യവസ്ഥ പാലിച്ചുകൊണ്ടാണ് എസ്.പി.ഐ.ഒ. മേൽപ്പടി മറുപടി നൽകിയിട്ടുള്ളതെന്നും കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ഓഫീസിലെ നിരവധി ജീവനക്കാർക്ക് രോഗം സ്ഥിരീകരിക്കുകയും കോവിഡ് വ്യാപനം രൂക്ഷമായ പഞ്ചായത്തുകളിലാണ് കാലിക്കറ്റ് സർവ്വകലാശാല ഓഫീസുകൾ സ്ഥിതി ചെയ്യുന്നതെന്നതിനാൽ സർവ്വകലാശാല അടച്ചിടുകയും ചെയ്തിരുന്നുവെന്നാണ്. ടി കാരണങ്ങളാൽ സർവ്വാകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾ നിരവധി തവണ തടസ്സപ്പെട്ടതിനാലാണ് ഹർജിക്കാരന്റെ ഒന്നാം അപ്പീൽ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാതെ വന്നതെന്നും മനപ്പൂർവ്വമായി അപ്പീൽ അവഗണിക്കുകയോ വിവരങ്ങൾ നിഷേധിക്കുകയോ ചെയ്തിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കു തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും തുടർന്നു സമർപ്പിച്ച അപ്പീലിന് നാളിതുവരെ യാതൊരു മറുപടിയും ലഭ്യമായില്ലെന്നാണ് ടിയാൻ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ടതിൽ വിലാസം ഒഴിച്ച് മറ്റൊന്നും മൂന്നാം കക്ഷി വിവരമല്ലെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. കൂടാതെ ചോദ്യം 3 സംബന്ധിച്ച് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം വിവരം ലഭ്യമായ ഓഫീസിലേയ്ക്ക് ടിയാന്റെ അപേക്ഷ കൈമാറിയിട്ടുമില്ല. ആകയാൽ വിവരാവകാശ നിയമം 7(1)ന്റെ ലംഘനം നടത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷനു ബോധ്യമാകുന്നു. ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ

ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

6. കൂടാതെ വിവരാവകാശ നിയമം 19(1)പ്രകാരമുള്ള അപ്പീൽ ഹർജിയ്ക്ക് മറുപടി നൽകാത്തതു സംബന്ധിച്ച വിശദീകരണം രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്.

7. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/